930/DA1

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പതിമൂന്നാം പഞ്ചവൽസര പദ്ധതി - ആദ്യ വാർഷിക പദ്ധതി (2017-2018) - സബ്സിഡി മാർഗ്ഗരേഖ - കൂട്ടതൽ ഉൾപ്പെടുത്തലുകൾ അംഗീകരിച്ചത് - പ്രവേശന പരീക്ഷകൾ ഇല്ലാത്ത സാഹചര്യത്തിൽ മെറിറ്റോറിയസ് ആയ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.3991/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 12.12.2017

വായന :- 1) സ.ഉ(എം.എസ്)നം.80/2017/തസ്വഭവ തീയതി 03.04.2017

2) 15.11.2017 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ പൊതു വിഷയ തീരുമാനം നമ്പർ 3.5

## ഉത്തരവ്

മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവ് പ്രകാരം (ഖണ്ഡിക 11.8.2) പ്രൊഫഷണൽ/ബിരുദ കോഴ്സുകൾ/മറ്റു കോഴ്സുകൾ എന്നിവയ്ക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാമെന്നുണ്ട്. പ്രസ്തുത മാർഗ്ഗരേഖ പ്രകാരം കേന്ദ്ര-സംസ്ഥാന പ്രവേശന പരീക്ഷ പാസാകുന്ന വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകാവുന്നത്. എന്നാൽ പ്രൊഫഷണൽ കോഴ്സ് ഒഴിച്ച് മറ്റ് കോഴ്സുകൾ മിക്കതും പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലല്ല. ഈ സാഹചര്യത്തിൽ പലർക്കും മാർഗ്ഗരേഖ പ്രകാരം ധനസഹായം നൽകാൻ കഴിയുന്നില്ല. പ്രവേശന പരീക്ഷകൾ ഇല്ലാത്ത സാഹചര്യത്തിൽ മെറിറ്റോറിയസ് ആയ വിദ്യാർത്ഥികൾ ആണെങ്കിൽ അവർക്ക് സ്കോളർഷിപ്പ് നൽകാമോ എന്നത് സംബന്ധിച്ച വിഷയം മുകളിൽ രണ്ടാമതായി വായിച്ച യോഗം പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷകൾ ഇല്ലാത്ത സാഹചര്യത്തിൽ മെറിറ്റോറിയസ് ആയ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസന കമ്മീഷണർ മുഖേന

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി(അർബൻ) യുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി(റൂറൽ) യുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ